30-8-2016-ലാണ് ആണ് കാലാവധി തീരുന്നത്. അതിനുമുമ്പ് പണി തീരുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. പണി തീരുകയും ചെയ്യും.

12.00 Noon]

(24) മൂർക്കനാട് സർക്കാർ സ്കൂൾ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ ഈ സബ്മിഷനിലൂടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അവതരിപ്പിക്കുന്നത്. ഗവൺമെന്റ് നയപരമായ ഒരു തീരുമാനം എടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. എന്റെ മണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ ഗവൺമെന്റിന്റേതായി ഒരു എൽ.പി.സ്കൂൾപോലും ഇല്ലാത്തതുകൊണ്ട് എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ ലഭിക്കുന്നില്ല. എം.എൽ.എ. ഫണ്ട് കൊടുക്കാൻ പറ്റുന്നില്ല. ഗവൺമെന്റ് സ്കൂളിലായാലും എയ്ഡഡ് സ്കൂളിലായാലും സാധാരണക്കാരായ കുട്ടികളാണ് പഠിക്കുന്നത്. അതുകൊണ്ട് എന്റെ മണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള ഒരു സ്കൂൾ പുതിയതായി അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും നിരന്തരം ആവശ്യപ്പെട്ടിരുന്നു. പുതിയ Right to Education Act അനുസരിച്ചുള്ള മാപ്പിംഗ് നടക്കുകയാണെന്നാണ് അവരൊക്കെ പറഞ്ഞത്. അതിനുശേഷം വർഷം നാലര കഴിഞ്ഞു. അതുകൊണ്ട് ഇതൊരു പ്രത്യേക വിഷയമായെടുത്ത്, മൂർക്കനാട് ഗ്രാമത്തിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള ഒരു പുതിയ സ്കൂൾ അനുവദിക്കുകയാണെങ്കിൽ മൂന്ന് ഏക്കർ സ്ഥലം സർക്കാരിന് വാങ്ങിത്തരാൻ നാട്ടുകാർ തയ്യാറാണ്. അതുകൊണ്ട് ദയവുചെയ്ത് ഈ സ്കൂൾ അനുവദിക്കാനുള്ള നയപരമായ തീരുമാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ എൽ. പി. തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള ഒരു സർക്കാർ സ്കൂൾ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. 13.6.2007-ലെ ജി.ഒ.(പി) നമ്പർ 107/2007/പൊ.വി.വ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സാധാരണഗതിയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ പുതിയതായി അനുവദിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. മാത്രവുമല്ല, പുതിയതായി സ്കൂളുകൾ അനുവദിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നത് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V ചട്ടം 2 (ii) (എ)-യിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചാണ്. അതനുസരിച്ച് വിദ്യാഭ്യാസ ആവശ്യകത അഥവാ educational need കണ്ടെത്തി, അതിന്റെ അടിസ്ഥാനത്തിൽ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ അവകാശ

LIBRARY ARCHIVES Kerala Legislative Assembly

നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിനായി വിശദമായ സ്കൂൾ മാപ്പിംഗ് സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട W.P.(C) No. 3060/2014 ഉൾപ്പെടെ ഒരുകൂട്ടം ഹർജികളിൽ 18-6-2015-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കിയ സ്കൂളുകളുടെ അപ്ഗ്രഡേഷന് നടപടി സ്വീകരിക്കുവാൻ 31-12-2015 വരെ സമയം അനുവദിച്ചിരിക്കുകയാണ്. അതുവരെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയോ പുതിയ സ്കൂളുകൾ അനുവദിക്കുകയോ ചെയ്യേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. കേരള സർവ്വ ശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിന്റെ ഭാഗമായി നടത്തിവരുന്ന സ്കൂൾ മാപ്പിംഗ് നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. മേൽപ്രകാരമുള്ള സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിന്റെ അടിസ്ഥാനത്തിലും പുതിയ സ്കൂൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്കും മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ എൽ.പി. തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂൾ ആരംഭിക്കണമെന്ന ആവശ്യം വളരെ ശക്തിപൂർവ്വം പരിഗണിക്കുന്നതാണ്.

(25) ഭിന്നശേഷിയിൽപ്പെട്ട വിദ്യാർത്ഥിക്ക് പ്രവേശനം നിഷേധിച്ച സംഭവം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പട്ടികജാതി - പിന്നോക്ക വിഭാഗത്തിന്റെ ക്ഷേമത്തിന് മുന്തിയ പരിഗണന നൽകി പ്രവർത്തിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന നമ്മുടെ എല്ലാവരുടെയും മനസ്സാക്ഷിയെ പിടിച്ചുകുലുക്കുന്ന ഒരു സംഭവമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. അത് എന്റെ ജില്ലയിൽപ്പെട്ടതല്ല. പത്തനംതിട്ട ജില്ലയിൽ നടന്ന ഒരു സംഭവമാണ്. വടക്കേയറ്റത്തുള്ള എന്റെ ശ്രദ്ധയിൽ ഈ ഒരു പരാതി കൊണ്ടുവരാൻ ആ പിതാവിനെ പ്രേരിപ്പിച്ച ചേതോവികാരം എന്തെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരുപക്ഷെ ഈ വക വിഷയങ്ങളിൽ വളരെയധികം താൽപര്യം കാണിക്കുന്ന ഒരു പാർട്ടിയുടെ പ്രതിനിധിയെന്ന നിലയിലായിരിക്കാം എന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നത്. പത്തനംതിട്ട ജില്ലയിലെ കടമ്പനാട് പഞ്ചായത്തിൽ കുമാരമംഗലം വീട്ടിൽ രാഘവൻ എന്ന 72 വയസ്സുള്ള ഒരു മുത്തശ്ശൻ, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിലെ ഭിന്നശേഷിയിൽപ്പെട്ട വിദ്യാർത്ഥിയായ കൊച്ചുമകന് പത്താം ക്ലാസ്സിൽ പ്രവേശനം നിഷേധിച്ചുവെന്ന പരാതിയാണ് തന്നിരിക്കുന്നത്. പത്തനംതിട്ട ജില്ലയിലെ കടമ്പനാട് സെന്റ് തോമസ് ഹൈസ്കൂളിൽ പത്താം ക്ലാസ്സിൽ അഡ്മിഷൻ തേടിയെത്തിയ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിദ്യാർത്ഥിയായ അഖിൽ ബി. കൃഷ്ണനാണ് ഈ ദുരനുഭവം ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly